മാനേജ്മെൻറുകൾക്ക് വന്നിട്ടുള്ള നഷ്ടം.

* 964. [53] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫീസ് സൗജന്യം വകയിൽ മാനേജ്മെൻറുകൾക്ക് വന്നിട്ടുള്ള നഷ്ടപരിഹാരത്തുക എത്ര സംഖ്യ 1955 ജൂൺ വരെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുവാനുണ്ട് ;

(ബി) നഷ്ടപരിഹാരം ചെയ്യുന്നതിന് വളരെ കാലതാമസം വരുന്നുണ്ടെന്ന പരാതികൾ കിട്ടിയിട്ടുണ്ടോ ;

(സി) കാലതാമസത്തിനു കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോവ്വുമേനോൻ):

(എ) ഉദ്ദേശം അഞ്ചു ലക്ഷം രൂപയോളം ഉണ്ടായിരുന്നതിൽ ഭൂരിഭാഗവും കൊടുത്തുകഴിഞ്ഞു. ഇനി കൊടുക്കാനുള്ള തുക കൊടുക്കുവാൻ വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതിനു വേണ്ട അന്വേഷണം നടത്താനും, ഉത്തരവു പാസ്സാക്കാനും വേണ്ട കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

പൊതുമരാമത്തു ചെലവുകൾ.

* 965. [54] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൊതുമരാമത്തു വകുപ്പിലേയ്ക്ക് ഈ വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള സംഖ്യയിൽ ഒക്ടോബർ അവസാനംവരെ എത്ര ശതമാനം ചെലവാക്കിയിട്ടുണ്ട് ;

(ബി) കഴിഞ്ഞകൊല്ലം ഈ തീയതിയിൽ എത്ര ശതമാനം ചെലവു ചെയ്തിരുന്നു ;

(സി) ഇക്കൊല്ലം ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും എന്തെങ്കിലും സംഖ്യ സറണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ കൊല്ലം ഈ ഡിപ്പാർട്ടുമെൻറിൽ എത്ര സംഖ്യ ചെലവുചെയ്യാതെ കൊല്ലാവസാനത്തിൽ മിച്ചം വന്നിട്ടുണ്ട് ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉദ്ദേശം 20.7 ശതമാനം.

(ബി) ഉദ്ദേശം 30 ശതമാനം.

(സി) ഇല്ല.

(ഡി) 1,19,68,404 രൂ.

പൊതുകക്കൂസ്സുകൾ.

* 966. [55] ശ്രീ. കെ. നാരായണപ്പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപ്രദേശങ്ങളിൽ പൊതുകക്കൂസ്സുകൾ കെട്ടുന്നതിനു ഗവണ്മെൻറിൽ നിന്നും എന്തു നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly